കൊപ്രയുടെ താങ്ങുവില

(361) ശ്രീ. കെ. സുധാകരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1999- ൽ പ്രഖ്യാപിച്ച കൊപ്രയുടെ താങ്ങുവില എത്ര ആയിരുന്നു;

(ബി) 2000-ൽ കൊപ്രയുടെ താങ്ങുവില പ്രഖ്യാപിക്കുന്നതുവരെ 1999 -ൽ പ്രഖ്യാപിച്ച താങ്ങുവിലയുടെ പ്രയോജനം കർഷകർക്ക് ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഡി) 1999-ൽ താങ്ങുവില പ്രഖ്യാപിച്ചശേഷം 2000-ൽ പുതുക്കി നിശ്ചയിക്കുന്നതുവരെ എപ്പോഴെല്ലാം കൊപ്രയുടെ വില താങ്ങുവിലയേക്കാൾ കുറഞ്ഞിട്ടുണ്ട്; ഗവൺമെന്റ് ഏജൻസികൾ പ്രസ്തുത കാലയളവിൽ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ ഫലമായി എത്ര ടൺ കൊപ്ര ഗവൺമെന്റ് ഏജൻസികൾ സംഭരിച്ചു എന്നറിയിക്കുമോ?

ഉത്തരം

(എ) 1999-ൽ (കൊപ്രയുടെ താങ്ങുവില) മില്ലിംഗ് കൊപ്രയ്ക്ക് 3100 രൂപയും ഉണ്ട കൊപ്രയ്ക്ക് 3250 രൂപയുമായിരുന്നു.

(ബി)&(സി) താങ്ങുവില പ്രഖ്യാപനത്തിൽ താമസമുണ്ടായപ്പോൾ മുൻവർഷത്തെ താങ്ങുവിലയ്ക്കെങ്കിലും കൊപ്ര സംഭരിക്കുവാൻ കേരള സർക്കാർ സമ്മർദ്ദം ചെലുത്തിയതനുസരിച്ച് സമ്മതിക്കുകയാണുണ്ടായത്.

(ഡി) 2000-ലെ താങ്ങുവില പ്രഖ്യാപനം കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടാകുന്നതിനു കാലവിളംബം ഉണ്ടായതിനെത്തുടർന്ന് 2000 മാർച്ച് 8 മുതൽ 1999-ലെ താങ്ങുവിലയായ 3100 രൂപ നിരക്കിൽ മില്ലിംഗ് കൊപ്ര സംഭരിക്കാൻ തുടങ്ങി. ഇതുമൂലം ഒരു പരിധിവരെ വില പിടിച്ചുനിറുത്താൻ കഴിഞ്ഞിരുന്നു.

(ഇ) നാഫെഡ് നാല്പതിനായിരത്തോളം മെട്രിക് ടൺ കൊപ്ര ശേഖരിച്ചിട്ടുണ്ട്.

കൊപ്രസംഭരണത്തിനുള്ള നടപടി

(362) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് കൊപ്ര സംഭരണത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ഇക്കാര്യത്തിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതൊക്കെ ഏജൻസികൾവഴി എത്രയളവ് കൊപ്ര ഇതേവരെ സംഭരിക്കുന്നതിന് കഴിഞ്ഞു;

(സി) സംഭരണരംഗത്ത് പുതുതായി എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) കൃഷിക്കാരിൽനിന്നും നാളികേരം വാങ്ങി ഡ്രയർ ഉപയോഗിച്ച് കൊപ്ര ഉണ്ടാക്കുന്ന സഹകരണ മേഖലയിലുള്ള സംഘങ്ങളെ ഈ തീരുമാനം ദോഷകരമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) കൊപ്രയുടെ വില 1999 സീസണിലെ താങ്ങുവിലയായ ക്വിന്റലിനു 3100 രൂപയെക്കാൾ താഴുമെന്ന് സൂചന കിട്ടിയപ്പോൾത്തന്നെ സംസ്ഥാന സർക്കാർ നടപടി എടുത്തു. നാഫെഡ്, കേരഫെഡ്, മാർക്കറ്റ്ഫെഡ്, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചുകൂട്ടി സംഭരണത്തിനു സ്വീകരിക്കേണ്ട നടപടികൾ സർക്കാർ നിർദ്ദേശിച്ചു. 1999-ലെ തറവിലയ്ക്ക് സംഭരണം ആരംഭിച്ചു.

2000 സീസണിലേക്കുള്ള താങ്ങുവില അടിയന്തിരമായി പ്രഖ്യാപിക്കണമെന്നു കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു. അതിന്റെ ഫലമായി 29.4.2000 ന് പുതുക്കിയ താങ്ങുവില കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു. മില്ലിംഗ് കൊപ്രയ്ക്ക് 3250 രൂപയും ഉണ്ടകൊപ്രയ്ക്ക് 3500 രൂപയുമാണ് പ്രഖ്യാപിച്ചത്. ഈ പുതുക്കിയ വിലയ്ക്കുതന്നെ സംഭരണം നടത്തുവാൻ നിർദ്ദേശം നൽകി. കൊപ്ര സംഭരണത്തിന്റെ ഗുണം കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി കർഷക സംഘടനകളുടെ ഒരു യോഗം ബഹു: കൃഷി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ വിളിച്ചുചേർത്തു. യോഗത്തിലെ തീരുമാനപ്രകാരം കൊപ്ര സംഭരണം കാര്യക്ഷമമാക്കാൻ സർക്കാർ നടപടി എടുത്തു. ഇതുവരെയായി നാൽപ്പതിനായിരത്തോളം മെട്രിക് ടൺ കൊപ്ര സംഭരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സംഭരണ ഏജൻസികളായ കേരഫെഡ് 23495 മെ. ടൺ കൊപ്രയും മാർക്ക്റ്റ്ഫെഡ് 15841 മെ.ടൺ കൊപ്രയും നാഫെഡിനു വേണ്ടി സംഭരിക്കുകയുണ്ടായി.

(സി)&(ഡി) താങ്ങുവിലയ്ക്കുള്ള കൊപ്ര സംഭരണം യഥാർത്ഥ കേരകർഷകർക്ക് പ്രതീക്ഷയ്ക്കനുസരണമായ ഗുണം ചെയ്യുന്നില്ലയെന്ന അഭിപ്രായമുണ്ടായപ്പോൾ 1995-ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളപോലെ കർഷകന്റെ കൈയിൽനിന്നുള്ള കൊപ്രയാണെന്നതിന് ഒരു സർട്ടിഫിക്കറ്റ് കൃഷി ഓഫീസറുടെ കയ്യിൽനിന്നും വാങ്ങണമെന്ന് നിർദ്ദേശിച്ചു. യഥാർത്ഥ നാളികേര കർഷകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും രക്ഷിക്കുവാനുള്ള ഈ തീരുമാനം കർഷക സംഘടനാ നേതാക്കളുടെ യോഗത്തിൽ ചർച്ച ചെയ്തിരുന്നു.

(ഇ)&(എഫ്) ദോഷകരമായി ബാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly